# ശ്ലീഹാക്കാലം

## വചന വിചിന്തനം

### രണ്ടാം ഞായർ

### ലൂക്കാ 7,36-50

> **അർത്ഥം മുടക്കി ആളെകൂട്ടി അന്നം വിളമ്പിയിട്ടും അനുഗ്രഹം സ്വന്തമാക്കാൻ സാധിക്കാത്ത ഹതഭാഗ്യൻ!**

ത്രൃശൂർക്കാരുടെ ഹൃദയ വികാര വിചാരങ്ങൾ ഒപ്പിയെടുത്ത ഒരു സിനിമ ഉണ്ടെങ്കിൽ അത് "പ്രാഞ്ചിയേട്ടൻ ആന്റ് ദി സൈന്റ്" എന്നുള്ള മമ്മുട്ടി ചിത്രമാണ്. ഇതിന്റെ ഇതിവൃത്തത്തിലൂടെ നായകനായ മമ്മുട്ടി അവതരിപ്പിക്കുന്നത് യഥാർത്ഥത്തിലുള്ള ഒരു തൃശൂർക്കാരനെയാണ്. ഒരുപാട് കഷ്ടപ്പെട്ട് അരികച്ചവടത്തിലൂടെ കോടിശ്വരനാകുന്ന നായകനായ പ്രാഞ്ചിയേട്ടൻ. പക്ഷെ, കോടികൾ കൈകളിൽ കുമിഞ്ഞുകൂടിയപ്പോൾ അരികച്ചവടക്കാരൻ പ്രാഞ്ചിയേട്ടന് "അരിപ്രാഞ്ചി" എന്നുള്ള ഓമനപ്പേര് കൂടി ജനം കൽപ്പിച്ച് കൊടുത്തു. പിന്നെ, "അരിപ്രാഞ്ചി" എന്നുള്ള പേര് മാറ്റാനുള്ള തത്രപാടാണ് നായകനായ മമ്മുട്ടിക്ക്. ഹൃദയം നിറയെ നന്മയുള്ള നായകൻ സ്വർണ്ണ കട വരെ തുടങ്ങി. എന്നിട്ടും, അവസാനിക്കുന്നത് "അരിപ്രാഞ്ചി" എന്നുള്ള വിളിമാത്രമാണ്.

അവസാനം, മടുത്തു കഴിയുമ്പോൾ നായകൻ "പത്മശ്രീ"ക്ക് വേണ്ടി പരിശ്രമിക്കുകയാണ്. കാരണം, പത്മശ്രീ ലഭിച്ചുകഴിയുമ്പോൾ പിന്നീട് "പത്മശ്രീ ഫ്രാൻസീസ്" എന്നായിരിക്കുമല്ലോ ജനം വിളിക്കുക. അതിലും നായകൻ പരജയപ്പെടുന്നു. "അരിപ്രാഞ്ചി" എന്നുള്ള വിളി അവസാനിപ്പിക്കുന്നതിന് വേണ്ടി ലക്ഷങ്ങളും കോടികളും മുടക്കിയിട്ടും ആഗ്രഹിച്ചതൊന്നും നേടാൻ സാധിക്കാതെ പരാജയപ്പെട്ട് നിൽക്കുന്ന നായകനെയാണ് ചിത്രം മുഴുവൻ ആവതരിപ്പിക്കുന്നത്.

> പുണ്യങ്ങളുടെ കൃത്യതയുള്ള ഫരിസേയനേക്കാൾ തലതാഴ്ത്തിനിന്ന ചുങ്കക്കാരനെ കർത്താവ് അനുഗ്രഹിക്കുന്നുണ്ടെങ്കിൽ കാരണം മനോഭാവമാണ്...

ലൂക്കാ 7, 36-50 വരെയുള്ള വചനഭാഗത്തിലൂടെ ക്രിസ്തു 'പാപിനിക്ക് മോചനം' കൊടുക്കുമ്പോൾ മനസ്സിലൂടെ കടന്നുപോകുന്നത് "പ്രാഞ്ചിയേട്ടൻ ആന്റ് ദി സൈന്റ്" എന്നുള്ള ചിത്രത്തിലെ രസകരമായ രംഗങ്ങളാണ്. കാരണം, നല്ല പേര് ലഭിക്കാൻ ലക്ഷങ്ങളും കോടികളും മുടക്കിയിട്ടും അതിന് സാധിക്കാതെ പരജയപെട്ട് പോകുന്ന നയകനെ ചിത്രത്തിലൂടെ പരിചയപ്പെടുമ്പോൾ വചനഭാഗം അവതരിപ്പിക്കുന്നതും ഇതിന് സമാനമായ വ്യക്തിയെയാണ്. സമൂഹത്തിൽ പേരും പെരുമയും ഉണ്ടായിരുന്ന ക്രിസ്തുവിന്റെ കൂടെയിരുന്ന്, ക്രിസ്തു കൂടെയുണ്ട് എന്ന് കാണിച്ച് പേരും പെരുമയും ഉണ്ടാക്കാൻ പരിശ്രമിച്ച ഫരിസേയൻ പരാജയപ്പെട്ടു പോകുന്നു. ഫലമോ, ക്ഷണിച്ചവന് അനുഗ്രഹം ലഭിക്കാതെയും ക്ഷണിക്കാതെ വലിഞ്ഞ് കയറി വന്ന് കർത്താവിന്റെ പാദാന്തികത്തിലിരുന്ന് കണ്ണുനീര് കൊണ്ട് പാദങ്ങൾ കഴുകുകയും തലമുടി കൊണ്ട് തുടയ്ക്കുകയും ചെയ്തവൾ അനുഗ്രഹങ്ങൾ കൊണ്ട് സമ്പന്നമാവുകയും ചെയ്യുന്നു.

വി.ലൂക്കായുടെ സുവിശേഷത്തിലെ 7-ാം അദ്ധ്യായം ആരംഭിക്കുന്നത് രണ്ട് അൽഭുതങ്ങളിലൂടെയാണ്; ശതാധിപന്റെ ഭൃത്യനെ സുഖപ്പെടുത്തുന്നു (7,1-10), നായിനിലെ വിധവയുടെ മകനെ പുനർജീവിപ്പിക്കുന്നു (7,11-17). ഇതിൽ ലൂക്കാ 7,16-17 ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു, "അവർ ദൈവത്തെ സ്തുതിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: ഒരു വലിയ പ്രവാചകൻ നമ്മുടെ ഇടയിൽ ഉദയം ചെയ്തിരിക്കുന്നു. ദൈവം തന്റെ ജനത്തെ സന്ദർശിച്ചിരിക്കുന്നു. അവനെ പറ്റിയുള്ള ഈ വാർത്ത യൂദയായിലെങ്ങും പരന്നു." എങ്കിൽ, ഒന്നുറപ്പാണ്; 'ക്രിസ്തുവിനെ ഫരിസേയൻ തന്റെ വീട്ടിലേയ്ക്ക് വിരുന്നിന് വിളിച്ചിരുന്നെങ്കിൽ അൽഭുതങ്ങൾ പ്രവർത്തിക്കുന്ന കർത്താവിന്റെ കൂടെയിരുന്ന് തന്റെ പേരും പ്രശസ്തിയും വർദ്ധിപ്പിക്കുന്നതിന് വേണ്ടി മാത്രമാണ്.' മലയാളത്തിൽ "ചക്കിന് വെച്ചത് കൊക്കിന് കൊണ്ടു" എന്നുള്ള പഴമൊഴിയുണ്ട്. അതുത

ന്നെയാണ് ഇവിടെയും സംഭവിച്ചത്. തന്റെ പേരും പ്രശസ്തിയും വർദ്ധിപ്പിക്കുന്നതിനും തന്റെ പൊങ്ങച്ചം മറ്റുള്ളവരെ കാണിക്കുന്നതിനുമാണ് ഫരിസേയൻ സദ്യ നടത്തിയത്. എന്നിട്ട്, പേരും പ്രശസ്തിയും ലഭിച്ചില്ല എന്നുള്ളത് മാത്രമല്ല, കർത്താവിൽ നിന്ന് നല്ല ശകാരം കേൾക്കുകയും ചെയ്തു.

അഹംകാരവും പൊങ്ങച്ചവുമാണ് തിന്മകളുടെ അടിസ്ഥാനം. ഇവിടെയും ഇതുതന്നെയാണ് ഫരിസേയന്റെ വിരുന്നിനെ തരം താഴ്ത്തുന്നതും. ഫരിസേയൻ ക്രിസ്തുവിന് സമ്മാനിച്ചത് "സ്നേഹ സദ്യ" അല്ല, മറിച്ച്, "പൊങ്ങച്ച സദ്യ" ആയിരുന്നു. അതുകൊണ്ട് തന്നെ ക്രിസ്തു ഫരിസേയൻ ഒരുക്കിയ "പൊങ്ങച്ച സദ്യ"യെ നിശിതമായി വിമർശിക്കുന്നു.

കഴിഞ്ഞ ദിവസം "ചാവരുളിന്റെ ഉൾപ്പൊരുൾ" എന്നുള്ള ലേഖനത്തിൽ ബഹു. ഫാ. പീറ്റർ കൊച്ചാലുങ്കൽ സി.എം.ഐ അച്ചന്റെ അനുഭവം വായിക്കാൻ ഇടയായി. ഒരു കല്യാണത്തിന് സംബന്ധിക്കാൻ വന്ന ഐ.എ.എസ് ക്കാരനായ ഒരാൾ അച്ചനോട് സംസാരിക്കാൻ വന്നു. ഓഡിറ്റോറിയത്തിൽ വിവാഹം പൊടിപൊടിക്കുമ്പോഴാണ് ഐ.എ.എസ് ക്കാരൻ സംസാരിക്കാൻ വരുന്നത്. വിരുന്നിൽ സംബന്ധിക്കാതത് എന്താണ് എന്നുള്ള ചോദ്യത്തിന് ഐ.എ.എസ് ക്കാരൻ മറുപടി പറഞ്ഞത് ഇപ്രകാരമാണ്;

ശിമയോന്റെ
അഹംങ്കാരമാണെങ്കിൽ
പാപിനിയുടെ
ആത്മബോധമാണ്...
ദൈവം തന്റെ കയ്യിൽ
മാത്രമാണ് എന്നതാണ്
ശിമയോന്റെ ചിന്തയെങ്കിൽ
ദൈവം തന്റെ
കയ്യിൽ ഇല്ല എന്നതാണ്
പാപിനിയുടെ ആകുലത!

"പൊങ്ങച്ചം കണ്ടു മടുത്തു അച്ചാ. ജോലി ചെയ്തിരുന്ന കാലത്ത് പൊങ്ങച്ചക്കാരുടെയും സ്വാർത്ഥരുടെയും നടുവിലായിരുന്നു ഞാൻ. റിട്ടയർ ചെയ്ത് വീട്ടിൽ വന്നപ്പോൾ അവിടെയും ഇത് തന്നെ. എന്റെ മകളുടെ മകളാണ് ഇന്ന് വിവാഹിതയായത്. അവളെ കണ്ടിട്ട് എനിക്ക് വന്ന ചിന്ത 'സിറ്റിയിലുള്ള ഒരു സ്വർണക്കടയുടെ നടുവിലേയ്ക്ക് പോകുന്നതു പോലെയാണ്. സുന്ദരിയായ അവളെ ബ്യൂട്ടി പാർലറിൽ കൊണ്ടുപോയി വീടിന് പെയ്റ്റ് അടിക്കുന്നതിന് മുമ്പ് പുട്ടിയിടുന്നതുപോലെ 'പുട്ടിയിട്ട്' ഒരു പരുവമാക്കിയച്ചാ... എന്റെ മോള് ഒരു വർഷമിടുന്ന ചായം ഉണ്ടെങ്കിൽ നമ്മുടെ പള്ളിയുടെ പുറം മുഴുവൻ പെയ്ന്റടിക്കാം. ഇങ്ങനെയുള്ളവരെ കെട്ടിച്ചുകൊടുക്കാതിരിക്കാൻ അച്ചന് വല്ല വകുപ്പുമുണ്ടോ?" എന്നിട്ടദ്ദേഹം ഉറക്കെ ചിരിച്ചു. സമ്പത്തുണ്ടെന്ന ഭാവവും അഹംകാരവും പൊങ്ങച്ചവും മനുഷ്യനെ നശിപ്പിക്കും. ഇതു തന്നെയാണ് ഇവിടെയും സംഭവിച്ചത്.

ക്രിസ്തുവിനെ ഫരിസേയൻ വീട്ടിലേയ്ക്ക് ഭക്ഷണം കഴിക്കാൻ ക്ഷണിക്കുന്നത് ഭൗതീകത വിട്ട് ആത്മീയമായി എന്തെങ്കിലും അനുഗ്രഹമോ കൃപകളൊ സ്വന്തമാക്കാനല്ല. മറിച്ച്, ഈശോയെ ഒപ്പം ഇരുത്തുക... ഈശോയുടെ ഒപ്പമിരിക്കുക എന്നതുമാത്രമാണ്. ഈശോയെ ഒപ്പമിരുത്തി ഈശോയിൽ നിന്ന് എന്തെങ്കിലും അനുഗ്രഹം ചോദിച്ചു വാങ്ങുക എന്ന ലക്ഷ്യം ഒരിക്കൽപ്പോലും ഫരിസേയന്റെ മനസ്സിൽ പോലും സ്ഥാനം പിടിക്കുന്നില്ല. കാരണം, ഭൗതികമോ ആത്മികമോ ആയ ഒരു കുറവ് തനിക്കുണ്ടെന്ന് ആ ഫരിസേയൻ ചിന്തിച്ചിരുന്നില്ല. മറിച്ച്, താൻ എല്ലാം തികഞ്ഞവനാണെന്നും തനിക്ക് എല്ലാം ഉണ്ട് എന്ന് കാണിക്കുകയുമാണ് ഫരിസേയൻ ഈശോയെ ഭക്ഷണത്തിന് വിളിക്കുമ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ.

മരിച്ചവരെ ഉയർപ്പിക്കുന്ന, രോഗികളെ സുഖപ്പെടുത്തുന്ന, ദൈവത്തിന്റെ വചനം പങ്കുവയ്ക്കുകയും ജീവിക്കുകയും ചെയ്യുന്ന, വെള്ളം വീഞ്ഞാക്കുന്ന, അപ്പം വർദ്ധിപ്പിക്കുന്ന, കൃത്യതയോട് കൂടി ന്യായവിധി നടത്തുന്ന, പിശാചുക്കളെ ബഹിഷ്ക്കരിക്കുന്ന ക്രിസ്തുവിൽ നിന്ന് എന്തെങ്കിലും അനുഗ്രഹം സ്വന്തമാക്കേണ്ട 'ദാരിദ്രം' തനിക്കില്ലാ എന്നുള്ളതായിരുന്ന ഫരിസേയന്റെ മനോഭാവം. അതേ സമയം, ഈശോയെ കൂടെയിരുത്തുക, ഈശോയോട് ഒപ്പമിരിക്കുക എന്നത് അന്തസിന്റെയും അഭിമാനത്തിന്റെയും വിഷയം മാത്രമായിരുന്ന ഫരിസേയനെ സംമ്പധിച്ചിടത്തോളം. അതേസമയം, ശിമയോന്റെ വീട്ടിൽ കർത്താവുണ്ടെന്ന് കേൾക്കുന്ന പട്ടണത്തിലെ പാപിനിയായ സ്ത്രീ കർത്താവിന്റെ പാദാന്തികത്തിലിരുന്ന് പാപമോചനം തേടുകയാണ്. യഹൂദപ്രമാണികളും ജനക്കൂട്ടവും കൂടെയുണ്ട് എന്നുള്ള വിചാരം പോലുമില്ലാതെ കണ്ണുനീര് കൊണ്ട് പാദങ്ങൾ കഴുകി

തലമുടി കൊണ്ട് തുടച്ച് പശ്ചാതാപവിവശയായ് നിൽക്കുകയാണ്. ശിമയോന്റെ വീട്ടിൽ നിന്ന് കർത്താവ് ഇറങ്ങിപോകുമ്പോൾ കർത്താവ് എന്തെങ്കിലും ശിമയോന് കൊടുത്തതായ് വചനം സാക്ഷ്യപ്പെടുത്തുന്നില്ല. അതേസമയം, കർത്താവ് ആ വീട്ടിൽ നിന്നിറങ്ങുമ്പോൾ പാപിനിയായ സ്ത്രീയെ അനുഗ്രഹിക്കുന്നതായും വചനം സാക്ഷ്യംപ്പെടുത്തുന്നു. അതിനുള്ള കാരണവും വചനം സാക്ഷ്യപ്പെടുത്തുന്നുണ്ട് ലൂക്കാ 7,47. "ഇവൾ അധികം സ്നേഹിച്ചു."

അനവധിയായ പാപങ്ങളും കുറ്റങ്ങളും കുറവുകളും ക്ഷമിക്കാനും പൊറുക്കാനും വേണ്ട അഭിഷേകവും ഇത് തന്നെയാണ്; സ്നേഹം! ക്രിസ്തു പറഞ്ഞ് വയ്ക്കന്നു, "ആരോട് അൽപ്പം മാത്രം ക്ഷമിക്കുന്നുവോ അവൻ അൽപ്പം മാത്രം സ്നേഹിക്കുന്നു" (ലൂക്കാ 7,48). എങ്കിൽ, ഇതിന് ഒരു മറുപ്പുറമുണ്ട്; "ആരോട് അധികം ക്ഷമിക്കുന്നുവോ അവൻ ആധികം സ്നേഹിക്കുന്നു!" പട്ടണത്തിലെ പാപിനിയായ സ്ത്രീയുടെ ഒരായുസിന്റെ മുഴുവൻ പാപങ്ങളും കർത്താവ് ഒറ്റ വചനത്തിലൂടെ കഴുകി കളഞ്ഞുവെങ്കിൽ, അതിന് നിമിത്തമായത് അവൾ അധികം സ്നേഹിച്ചു എന്നുള്ളതാണെങ്കൽ അഭിമാനവും അഹംങ്കാരവും വെടിഞ്ഞ് കണ്ണുനീരോടെ ഞാനും നിന്നെ അധികം സ്നേഹിക്കുന്നുവെന്ന് എറ്റുപറഞ്ഞാൽ കർത്താവ് നമ്മുക്ക് സമ്മാനിക്കുന്നതും പാപിനിയായ സ്ത്രീക്ക് സമ്മാനിച്ച് സ്വർഗ്ഗം തന്നെയാണ്! ഓർക്കുക, പത്രോസിനെ. മൂന്ന് പ്രാവശ്യം തള്ളിപറഞ്ഞവൻ... ഗുരുവിന്റെ സഹനങ്ങളിൽ ഗുരുവിനോട് കൂടെ ആയിരിക്കേണ്ട ശിഷ്യൻ... ആർഷഭാരത സംസ്ക്കാരമനുസരിച്ച് "ലോകം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ പാപം = ഗുരുഹത്യ." ഇതുതന്നെയാണ് പത്രോസും ചെയ്തത്. എന്നിട്ടും, വിതുമ്പുന്ന ഹൃദയവുമായ് ഗുരുവിന്റെ ചാരെ അണഞ്ഞ ശിമയോനെ പത്രോസാക്കി. ആ പാറമേൽ കർത്താവ് തന്റെ സഭ സ്ഥാപിച്ചു!

"സ്നേഹം
നിരവധിയായ
പാപങ്ങൾ
മറയ്ക്കുന്നു"

1 പത്രോ 4,8.

ശിമയോന് ഈശോയുടെ സാന്നിദ്ധ്യവും സാമിപ്യവും അന്തസ്സിന്റെയും അഭിമാനത്തിന്റെയും വിഷയം മാത്രമാണ്. എന്നാൽ, പാപിനിയായ സ്ത്രി കർത്താവിനെ കാണുന്നത് കുമ്പസാരക്കൂട് പോലെ വിശുദ്ധമായാണ്. തന്റെ കുറവുകൾ ഏറ്റുപറയാനും തന്റെ അയോഗ്യതകൾ തുറന്നുകാട്ടാനുമുള്ള ഇടം. അതിനാൽ, ഈശോയുടെ സാന്നിദ്ധ്യത്തെ തന്റെ ജീവിത നവീകരണത്തിനായ് പട്ടണത്തിലെ പാപിനിയായ സ്ത്രീ മാറ്റിയെടുക്കുകയാണ്. ഫലമോ, ഈശോ ശിമയോന്റെ വീട്ടിൽ വിരുന്നു വരുന്നതുകൊണ്ട് അയ്യാൾക്ക് എന്തെങ്കിലും ആശ്വാസമോ സംതൃപ്തിയോ സന്തോഷമോ ഐശ്വര്യമോ അയ്യാൾക്ക് ഉണ്ടാകുന്നില്ലെങ്കിലും പാപിനിയായ സ്ത്രീയുടെ ജീവിതത്തിൽ കർത്താവ് സന്തോഷത്തിന്റെയും ഐശ്വര്യത്തിന്റെയും സമാധാനത്തിന്റെയും കെടാവിളക്ക് കൊളുത്തി വച്ചിട്ടാണ് യാത്രയാകുന്നത്. പലപ്പോഴും നമ്മുടെ പ്രാർത്ഥനാജീവിതങ്ങളും ജപമാലയർപ്പണങ്ങളും പള്ളിയിൽ പോക്കും പ്രദക്ഷണങ്ങളും ഫരിസേയ മനോഭാവത്തിന് തുല്ല്യമാണ്. തങ്ങളുടെ ആർഭാടങ്ങളും പൊങ്ങച്ചവും മാത്രം കാണിക്കാനുള്ള വേദിയാക്കി വിശുമായ വസ്തുക്കളെയും സാധനങ്ങളെയും സ്ഥലങ്ങളെയും നാം മാറ്റിയെടുക്കാറുണ്ട്. ഇവിടെയൊക്കെ നാം ചെയ്യുന്നത് കർത്താവിന്റെ അനുഗ്രഹങ്ങളെ ഫരിസേയനെ പോലെ തട്ടി തെറിപ്പിക്കുകയാണ്.

അർത്ഥം മുടക്കി ആളെ കൂട്ടി അന്നം വിളമ്പി കർത്താവിനെ തന്റെ വീട്ടിൽ വരുന്നതിന് മുമ്പും പിമ്പും ശിമയോനിൽ ഒരു മാറ്റവും സംഭവിക്കുന്നില്ല. അതേസമയം, പട്ടണത്തിലെ പാപിനിയായ സ്ത്രീ കർത്താവിന്റെ മുമ്പിൽ വരുന്നതിന് മുമ്പ് പാപിനിയായിരുന്നു. എന്നാൽ, കർത്താവിന്റെ സാന്നിദ്ധ്യം അവളെ ഒരു പുതിയ സ്ത്രീയാക്കി മാറ്റി. കർത്താവിന്റെ സാന്നിദ്ധ്യം പരിവർത്തനത്തിനുള്ള വേദിയാക്കുന്നത് മനോഭാവങ്ങളാണ്!

**"രഹസ്യങ്ങളറിയുന്ന കർത്താവ് നിനക്ക് പ്രതിഫലം തരും!"**

**മത്താ 6,4**

ഫാ. ജോബി മേനോത്ത് : +91 944 7777 931